**അടിയന്തരപ്രമേയം**

## സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: സ്വകാര്യ സ്വാശ്രയ കോളേജുകളുമായി കാലേക്കൂട്ടി ചർച്ച നടത്തി പ്രവേശനം, ഫീസ് എന്നീ കാര്യങ്ങളിൽ കരാറിൽ എത്തിയിട്ടില്ലാത്തതിനാൽ സ്വാശ്രയ മെഡിക്കൽ കോളേജിലെ 905 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് ഉൾപ്പെടെ എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റ് നടത്തുമെന്ന് പ്രോസ്പെക്ടസിലൂടെ നൽകിയ ഉറപ്പ് ലംഘിക്കപ്പെട്ടിരിക്കുകയും ഭൂരിഭാഗം സ്വകാര്യ സ്വാശ്രയ കോളേജുകൾ വൻതുക കോഴവാങ്ങി മൊത്തം സീറ്റുകളിലേയ്ക്കും സ്വതന്ത്രമായി പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയും എസ്.സി./എസ്.ടി. ഉൾപ്പെടെ മെറിറ്റ് സീറ്റിലെ വിദ്യാർത്ഥികൾക്ക് എഴുന്നൂറോളം സീറ്റുകൾ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളയായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ അടിയന്തരപ്രമേയത്തിൽ പറയുന്ന ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. സ്വാശ്രയ മാനേജ്മെന്റുകളുമായി ഗവൺമെന്റ് പലപ്രാവശ്യം ചർച്ചനടത്തി വളരെ ഗൗരവ്വത്തോടുകൂടിത്തന്നെയാണ് എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് അഡ്മിഷനുവേണ്ടിയുള്ള നടപടികളുമായി മുമ്പോട്ടുപോയിട്ടുള്ളത്. ഈ പ്രാവശ്യം പല കോളേജുകൾക്കും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെയും അംഗീകാരം ലഭ്യമാകാത്തതുകൊണ്ടാണ് അഡ്മിഷൻ പ്രോസസ് നീണ്ടുപോകുന്നത്. അതുപോലെതന്നെ സർക്കാർ മെഡിക്കൽ കോളേജുകൾക്കുതന്നെ മറ്റ് പല സംസ്ഥാനങ്ങളിലും ഗവൺമെന്റ് ഓഫ് ഇൻഡ്യയും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയും ഇപ്രാവശ്യം അംഗീകാരം നൽകിയില്ല. പക്ഷെ നമ്മുടെ സംസ്ഥാനത്തുള്ള 9 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കും ഈ വർഷം അഡ്മിഷൻ നടത്തുന്നതിനുവേണ്ടിയുള്ള തുടർഅംഗീകാരം ലഭ്യമായിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആ കാര്യങ്ങൾ വളരെ ഭംഗിയായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ അഡ്മിഷൻ പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. 15 സ്വാശ്രയ മെഡിക്കൽ കോളേജുകളാണ്

കഴിഞ്ഞവർഷം എഗ്രിമെന്റ് വച്ചത്. ആ കോളേജുകളിൽ 6 കോളേജുകൾക്ക് ഇതുവരെ റെക്കഗ്നിഷൻ കിട്ടിയിട്ടില്ല. അതിന്റേതായിട്ടുള്ള കാലതാമസമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ബാക്കിയുള്ള കോളേജുകളുമായി നിരവധി പ്രാവശ്യം ചർച്ച നടത്തി എഗ്രിമെന്റിലേയ്ക്ക് അവർ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ നാലു കോളേജുകൾ എഗ്രിമെന്റ് വച്ചുകഴിഞ്ഞു. ബാക്കി കോളേജുകളിൽ ഈ സമയപരിധിക്കുള്ളിൽനിന്നുകൊണ്ട്, അടുത്ത അലോട്ട്മെന്റിന് മുമ്പുതന്നെ അഡ്മിഷൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വാശ്രയ മാനേജ്മെന്റുകൾ നടപടിക്രമത്തിന് വിരുദ്ധമായി അഡ്മിഷൻ സ്വീകരിച്ചാൽ അത് തടയുന്നതിനുവേണ്ടി കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം അഡ്മിഷൻ പ്രോസസ് കുറച്ചുനീണ്ടുപോയ സാഹചര്യത്തിലുണ്ടായ ചില പ്രശ്നങ്ങളാണ്. സുപ്രീം കോടതിയിൽ ചില കേസുകൾ നിൽക്കുന്നുവെങ്കിലും ഈ സമയപരിധിക്കുള്ളിൽ, ഈ വർഷത്തെ അഡ്മിഷൻ കഴിഞ്ഞ വർഷത്തേപ്പോലെ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ബഹുമാന്യനായ മന്ത്രിക്ക് എങ്ങനെയാണ് ഇങ്ങനെയൊരു മറുപടി പറയാൻ കഴിയുന്നതെന്ന് എനിക്ക് വിശ്വസിക്കാൻ

കഴിയുന്നില്ല. അത്ര ലളിതമായൊരു വിഷയമല്ല ഇത്. അദ്ദേഹം വളരെ ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ പറഞ്ഞവസാനിപ്പിച്ചത്. 16.68 ലക്ഷം ഓപ്ഷനുവേണ്ടി 56689 കുട്ടികൾ കാത്തിരിക്കുന്ന ഒരു വിഷയമാണ്. ഇന്നാണ് ഒരു അലോട്ട്മെന്റ് നൽകേണ്ട തീയതി. കേരളത്തിലെ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ വന്നിട്ടുള്ള പതിനായിരക്കണക്കിന് കുട്ടികൾ ഇന്ന് അനിശ്ചിതത്വത്തിലാണ്. ഇവിടെ 9 സർക്കാർ കോളേജുകളിലും, എഗ്രിമെന്റ് ഒപ്പുവച്ചുവെന്ന് അദ്ദേഹംതന്നെ പറയുന്ന നാല് കോളേജുകളിൽ ഒരു കോളേജായ കോലഞ്ചേരിയും ഉൾപ്പെടെ പത്ത് കോളേജുകളിൽ മാത്രമേ ഇന്ന് അലോട്ട്മെന്റ് നടക്കാൻ പോകുന്നുള്ളൂ. അതായത് കരാർ ഒപ്പിട്ട അമല കോളേജ്, പുഷ്പഗിരി കോളേജ്, ജൂബിലി കോളേജ് എന്നിവിടങ്ങളിൽപ്പോലും ഇന്ന് അലോട്ട്മെന്റ് നടത്താൻ കഴിയാത്ത സ്ഥിതിയാണ്. കാരണം, എം.സി.ഐ.യുടെ അംഗീകാരവുമായി ബന്ധപ്പെട്ട് അവ്യക്തതയുള്ള നിലപാടുകൾ സ്വീകരിച്ചതിന്റെ ഭാഗമായി സർക്കാരുമായി കരാർ ഒപ്പുവച്ച സ്ഥലത്തുപോലും ഇന്ന് അലോട്ട്മെന്റ് നടക്കാൻ പോകുന്നില്ല. അതുമാത്രമല്ല, അദ്ദേഹം ഇവിടെ പറഞ്ഞു, കഴിഞ്ഞ വർഷത്തെപ്പോലെതന്നെ കാര്യങ്ങളെല്ലാം സുതാര്യമായും ഭംഗിയായും നടക്കുമെന്ന്. കഴിഞ്ഞ വർഷം എന്തായിരുന്നു ഈ സഭയിൽ പറഞ്ഞത്? സ്വാശ്രയ മെഡിക്കൽ

കോളേജുകളുമായുണ്ടായ സർക്കാരിന്റെ അവിഹിത ബന്ധത്തെ സംബന്ധിച്ചും സർക്കാർ കൃത്യമായ നിലപാട് സ്വീകരിക്കാത്തതിനെ സംബന്ധിച്ചും ആശങ്കപ്പെട്ടുകൊണ്ടൊരു അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിന് മറുപടിയായി മന്ത്രി പറഞ്ഞത് 'നിങ്ങൾ ഈ പറയുന്നതൊന്നും ശരിയല്ല, അതെല്ലാം പരിഹരിക്കാൻ കഴിയുന്നകാര്യമാണ്, സ്വാശ്രയ കോളേജുകളുമായി എഗ്രിമെന്റ് വയ്ക്കാൻ സാധിക്കും, മെരിറ്റ് സീറ്റ് ലഭിക്കും' എന്നൊക്കെയാണ്. എന്തെങ്കിലും ഉറപ്പ് പാലിക്കാൻ സാധിച്ചോ? മന്ത്രി ഇവിടെ പറയേണ്ട ഒരു കാര്യം, കേരളത്തിലെ ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായിട്ടാണ് കഴിഞ്ഞ വർഷം എഗ്രിമെന്റ് വച്ചത്, എഗ്രിമെന്റ് വയ്ക്കാത്തവരുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെന്റിനോ ആരോഗ്യ വകുപ്പുമന്ത്രിക്കോ സാധിച്ചോ? സർക്കാർ മേഖലയിൽ 1259 സീറ്റും പരിയാരത്ത് 100 സീറ്റും സ്വാശ്രയ മേഖലയിൽ 1500 സീറ്റും ഉൾപ്പെടെ 2850 മെഡിക്കൽ സീറ്റുകളാണ് ഇവിടെയുള്ളത്. അതിൽ 925 സീറ്റിൽ പ്രവേശനം നടത്തുമെന്ന് പറഞ്ഞിട്ടാണ് പ്രോസ്പെക്ടസ് പുറത്തിറക്കിയത്. ഇവിടെ കാര്യം വളരെ ലളിതമാണ്. സർക്കാർ ഉറപ്പുനൽകിയ 925 സീറ്റിലേയ്ക്ക് അലോട്ട്മെന്റ് നടത്താൻ സർക്കാരിന് സാധിക്കുമോ എന്ന ലളിതമായ ചോദ്യത്തിനാണ് ഇവിടെ മന്ത്രി മറുപടി പറയേണ്ടത്. എഗ്രിമെന്റ്

വയ്ക്കാൻ കഴിഞ്ഞുവെന്നാണ് അദ്ദേഹം പറഞ്ഞത്. എഗ്രിമെന്റ് വച്ചത് നാലേനാല് കാത്തലിക് മാനേജ്മെന്റുകളുമായി മാത്രമാണ്. അദ്ദേഹം ഇവിടെ പറഞ്ഞത് കേരളത്തിൽ എം.സി.ഐ.-യുടെ അംഗീകാരം കിട്ടാത്ത കോളേജുകൾക്ക് മാത്രമാണ് എഗ്രിമെന്റ് വയ്ക്കാൻ കഴിയാതെപോയതെന്നാണ്. എം.സി.ഐ.യുടെ അംഗീകാരം കിട്ടാത്ത കോളേജുകൾക്ക് മാത്രമാണോ എഗ്രിമെന്റ് വയ്ക്കാൻ കഴിയാത്തത്; കഴിഞ്ഞ വർഷവും അങ്ങനെയാണോ സംഭവിച്ചത് ? കഴിഞ്ഞ വർഷം അംഗീകാരം കിട്ടുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള നിരവധി കോളേജുകൾ സർക്കാരുമായി എഗ്രിമെന്റിന് തയ്യാറായില്ല. അവർ അവരുടെ ഇഷ്ടംപോലെ അഡ്മിഷൻ നടത്തി. അതിന്റെ ഭാഗമായി ഇത്തവണ 700 മെരിറ്റ് സീറ്റ് നഷ്ടപ്പെടാൻ പോവുകയാണ്. 700 മെരിറ്റ് സീറ്റ് നഷ്ടപ്പെട്ടിട്ട് തോന്നിയതുപോലെ അവിടെ പ്രവേശനം നടത്താൻ അംഗീകാരം കിട്ടാൻപോവുകയാണ്. സമയം വൈകിയതുകൊണ്ട് ഞങ്ങൾ ഇനി പരീക്ഷ നടത്താൻ തയ്യാറല്ലെന്ന നിലപാട് ജയിംസ് കമ്മിറ്റി സ്വീകരിക്കുന്നു. സർക്കാരിന്റെ എൻട്രൻസ് ലിസ്റ്റിൽനിന്നും വരാൻ പോകുന്നില്ല, ജയിംസ് കമ്മിറ്റിയുടെ പ്രത്യേക പരീക്ഷയെക്കുറിച്ച് അനിശ്ചിതത്വം. കാത്തലിക് മാനേജ്മെന്റുകൾ ഒഴികെയുള്ള മറ്റൊരു സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

ഫലത്തിൽ മെരിറ്റിൽ വന്നിട്ടുള്ള കുട്ടികൾ അനാഥമാകുന്ന ഒരു സാഹചര്യം വന്നിരിക്കുന്നുവെന്നത് ഒളിച്ചുവച്ചുകൊണ്ടാണ് മന്ത്രി ഇവിടെ പറയുന്നത്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ വൈകിയ സമയത്ത് പരീക്ഷ നടത്താൻ തയ്യാറല്ലായെന്ന് ജയിംസ് കമ്മിറ്റി തീരുമാനിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെയൊരു സാഹചര്യമുണ്ടായത്? സ്വാശ്രയ വിദ്യാഭ്യാസത്തിന്റെയൊരു സങ്കല്പം തന്നെ 50 ഃ 50 ആയിരുന്നു. ഈ കോളേജുകൾ ആരംഭിക്കുന്ന സമയത്ത് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണി പറഞ്ഞത്, ഒരു സർക്കാർ കോളേജ് = രണ്ട് സ്വാശ്രയ കോളേജ് എന്നാണ്. ആ കൺസെപ്റ്റ് വച്ച് നോക്കുകയാണെങ്കിൽ സ്വാഭാവികമായും 50 ശതമാനം മെരിറ്റ് സീറ്റ് ലഭിക്കുന്നതിനുവേണ്ടി പോരാടുകയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടത്. അതിനുപകരം 50 ശതമാനം സീറ്റുകൂടി ഞങ്ങൾക്ക് അവകാശപ്പെട്ടതാണ്, ഞങ്ങൾക്കിഷ്ടമുള്ള ഫീസ് വാങ്ങിക്കും എന്ന നിലപാട് സ്വീകരിക്കുന്ന സ്വാശ്രയ കോളേജുകളെ സഹായിക്കുന്ന സമീപനം തുടർച്ചയായി സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഈ കുഴപ്പങ്ങളൊക്കെ ഉണ്ടായത്. ഇവിടെ കഴിഞ്ഞ വർഷം എഗ്രിമെന്റ് വയ്ക്കാത്ത കോളേജുകളുണ്ട്. കഴിഞ്ഞ വർഷം എല്ലാപേരും ഒപ്പുവച്ചോ എന്നാണ് അദ്ദേഹം ഈ സഭയിൽ വ്യക്തമാക്കേണ്ടത്. മുസ്ലീം മാനേജ്മെന്റുകൾ, എം.ഇ.എസ്.,

കെ.എം.സി.ടി., കരുണ എന്നീ കോളേജുകളൊന്നും എഗ്രിമെന്റ് വച്ചില്ല. അവരുടെ പ്രശ്നം എന്തായിരുന്നു; മെരിറ്റ് സീറ്റിൽ കാത്തലിക് മാനേജ്മെന്റിനോട് പറഞ്ഞു നിങ്ങൾക്ക് നാലുലക്ഷം രൂപ ഫീസ് വാങ്ങാം. അവരെടുത്ത നിലപാട് ഞങ്ങൾ മെരിറ്റ് സീറ്റിലും മാനേജ്മെന്റ് ക്വാട്ടയിലും ഒരേ ഫീസേ വാങ്ങൂ എന്നാണ്. ഞങ്ങൾ ക്രോസ് സബ്സിഡിക്ക് എതിരാണ്. അവർ ക്രോസ് സബ്സിഡിക്ക് എതിരാണെങ്കിലും സ്വാശ്രയ കോളേജെന്നുപറയുന്ന സങ്കല്പത്തിൽ നമ്മൾ മുന്നോട്ടുവച്ചത്, മെരിറ്റ് സീറ്റിൽ വരുന്ന കുട്ടികൾക്ക് കുറച്ച് ഫീസ് കുറച്ചുകൊടുക്കാൻ കഴിയണമെന്നാണ്. അങ്ങനെ ഈ ഗവൺമെന്റ് നിശ്ചയിച്ച ഫീസ് ഒന്നേമുക്കാൽ ലക്ഷംരൂപയാണെന്നിരിക്കെ കാത്തലിക് മാനേജ്മെന്റുകൾക്കുമാത്രം നാലുലക്ഷം രൂപ മെരിറ്റ് സീറ്റിൽ ഫീസ് വാങ്ങാമെന്ന് എഗ്രിമെന്റ് വച്ചു. അങ്ങനെയൊരു എഗ്രിമെന്റ് ഉണ്ടോ എന്നതുസംബന്ധിച്ച് സർവ്വശ്രീ. സാജുപോൾ, കോടിയേരി ബാലകൃഷ്ണൻ, റ്റി. വി. രാജേഷ്, ഡോ. കെ. ടി. ജലീൽ എന്നിവർ ഒരു ചോദ്യം ഈ സഭയിൽ ചോദിച്ചു. "ഈ വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ" എന്നതായിരുന്നു ചോദ്യം. അതിന് ഉത്തരമായി മന്ത്രി പറഞ്ഞത്, "ഉണ്ട് ; 2015-16 വർഷം എം.ബി.ബി.എസ്

പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളും ഒരു ഡെന്റൽ മെഡിക്കൽ കോളേജും മാത്രം എഗ്രിമെന്റ് വച്ചിട്ടുണ്ട് " എന്നാണ്. അദ്ദേഹം ഇവിടെ പറഞ്ഞതും ഈ ഉത്തരവും തമ്മിൽ യാതൊരു ബന്ധവുമില്ല. അവസാനത്തെ ചോദ്യം, "കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് " എന്ന്. അതായത് മെരിറ്റ് സീറ്റിൽ നാലുലക്ഷം രൂപ ഫീസ് വാങ്ങിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട് എന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ എഗ്രിമെന്റ് വച്ചിട്ടുണ്ടോ എന്നാണ് ചോദ്യം. ആ ചോദ്യത്തിന് നൽകിയ ഉത്തരം, "ശൂന്യത" . എന്തിനാണ് ഈ കള്ളക്കളി കളിക്കുന്നത്. കേരള നിയമസഭയിൽ ബഹുമാന്യരായ നാല് മെമ്പർമാർ നൽകിയ ചോദ്യത്തിന്റെ ഉത്തരം ശൂന്യതയാണ്. ഇവർക്ക് മാത്രം ഈ അനുവാദം കൊടുത്ത സാഹചര്യത്തിൽ ഞങ്ങൾക്കെന്താണ് പ്രത്യേകത എന്ന നിലപാടാണ് മറ്റുകോളേജുകളെല്ലാം സ്വീകരിച്ചത്. അതായത് ഈ ഗവൺമെന്റിന്റെ ഇരട്ടത്താപ്പ് നയത്തിന്റെ ഭാഗമായും 4 കാത്തലിക് മാനേജ്മെന്റുകൾക്ക് നാലുലക്ഷം രൂപ മെരിറ്റ് സീറ്റിൽ വാങ്ങാൻ അനുവാദം കൊടുത്തതിന്റെ ഭാഗമായും ഞങ്ങളൊന്നും

എഗ്രിമെന്റിലേയ്ക്ക് വരാൻ തയ്യാറല്ലായെന്ന നിലപാടാണ് അവർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി എന്ത് നടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? കോടതിയിൽ നിങ്ങൾക്ക് വിജയിക്കാൻ സാധിച്ചോ; നിയമപരമായി നിങ്ങൾ ഇടപെട്ടോ; അംഗീകാരം റദ്ദാക്കുമെന്ന് പറഞ്ഞിട്ട് അംഗീകാരം റദ്ദാക്കാൻ സാധിച്ചോ? ഒന്നും സാധിച്ചില്ലെന്നുമാത്രമല്ല, അവർക്ക് തോന്നിയ ഫീസ് വാങ്ങുന്നിടത്ത് കാര്യങ്ങളെത്തിച്ചു. നാലുലക്ഷം രൂപയാണ് ഈ മാനേജ്മെന്റുകൾ വാങ്ങിക്കൊണ്ടിരിക്കുന്നതെങ്കിൽ ഫലത്തിൽ സംഭവിച്ചത് എം.ഇ.എസ്. ഉൾപ്പെടെയുള്ള കോളേജുകളിൽ ആറ് ലക്ഷം രൂപ ഫീസ് വാങ്ങാൻ തീരുമാനിച്ചു. അത് തടയാൻ ഈ ഗവൺമെന്റിന് സാധിച്ചോ? സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാൻ തയ്യാറല്ലാത്ത കോളേജുകൾ തന്നിഷ്ടപ്രകാരം ആറുലക്ഷം രൂപ ഫീസ് വാങ്ങാൻ ആഗ്രഹിക്കുന്നുവെന്ന് എഴുതിതന്നപ്പോൾ അതിനുമുകളിൽ സർക്കാർ ഒരു തീരുമാനമെടുത്തോ? സർക്കാർ അംഗീകരിച്ചില്ല, പക്ഷെ അംഗീകരിക്കാതിരിക്കുകയും ചെയ്തില്ല. ഫലത്തിൽ കാത്തലിക് മാനേജ്മെന്റുകളുമായിട്ടുള്ള കരാറിന്റെ ഭാഗമായി അവിടത്തെ മെരിറ്റ് സീറ്റിൽ നാലുലക്ഷവും കരാറിലേർപ്പെടാത്ത കോളേജുകൾക്ക് തന്നിഷ്ടപ്രകാരം ആറുലക്ഷം രൂപയും മെരിറ്റ് സീറ്റിൽ വാങ്ങാൻ കഴിയുന്ന സാഹചര്യം കഴിഞ്ഞ വർഷം

സൃഷ്ടിച്ചതിനുശേഷമാണ് മന്ത്രി ഇത്രയും അപമാനകരമായ നിലയിൽ ഈ സഭയിൽ വിശദീകരണം നൽകിയത്. കഴിഞ്ഞ വർഷം ഒരു സീറ്റും നഷ്ടപ്പെട്ടില്ലായെന്നാണ് അദ്ദേഹം പറയുന്നത്. കരുണ, കണ്ണൂർ, കെ.എം.സി.ടി, എം.ഇ.എസ്. ഉൾപ്പെടെയുള്ള കോളേജുകൾ ഒപ്പുവയ്ക്കാത്തതിന്റെ ഭാഗമായി 450 - ഓളം മെറിറ്റ് സീറ്റുകൾ നമുക്ക് നഷ്ടപ്പെട്ടില്ലേ ; പിന്നെയിവിടെ ഒരു സീറ്റും നഷ്ടപ്പെട്ടില്ലയെന്നു പറയുന്നത് ശരിയാണോ? അവർ കോടതിയിൽ പോയപ്പോൾ നിങ്ങൾ സഹായിച്ചോ; കോടതി ഒരു നിലപാട് സ്വീകരിച്ചപ്പോൾ എന്തായിരുന്നു ഗവൺമെന്റിന്റെ നിലപാട്? ഗവൺമെന്റ് കോടതിയിൽ ഇവരെ സഹായിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ടല്ലേ ഇത് സംഭവിച്ചത്. ഇതിന്റെ ഭാഗമായി കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് എന്തും നടത്താമെന്നൊരു സാഹചര്യം വരികയും സർക്കാർ കാഴ്ചക്കാരായി മാറുകയും ചെയ്തിരിക്കുകയാണ്. സർക്കാരിന് ഇനി ഒന്നും ചെയ്യാനില്ല. ഇത്തവണയും എഗ്രിമെന്റ് വയ്ക്കുന്നവർക്ക് വയ്ക്കാം. എഗ്രിമെന്റ് വയ്ക്കുന്നവരോട് ഒരു കാര്യം പറയും, അവർ ഇഷ്ടപ്പെട്ടത് സ്വീകരിക്കും, അവർക്ക് ഇഷ്ടപ്പെട്ട നിലയിൽ എഗ്രിമെന്റ് വച്ചുകൊടുക്കും, ഇല്ലെങ്കിൽ തോന്നുന്നതുപോലെ നിലപാട് സ്വീകരിക്കുമെന്ന രീതിയിലേയ്ക്ക് പോകുന്ന ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കാൻ പാടുണ്ടോ?

സർക്കാർ മെഡിക്കൽ കോളേജുകളുടെ അംഗീകാരത്തെക്കുറിച്ച് അദ്ദേഹം ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം കിട്ടിയെന്ന് പറയാമെന്നേയുള്ളൂ. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്ക് സൗകര്യം പോരായെന്ന് പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. സൗകര്യം പോരായെന്ന് MCI പറയുമ്പോൾ MCI -യെ പറ്റിക്കാൻ എന്താണോ സ്വകാര്യ സ്വാശ്രയ കോളേജുകൾ ചെയ്യുന്നത് അതിന്റെ തനിയാവർത്തനം സർക്കാർ കോളേജുകളിലേയ്ക്കും കൊണ്ടുവരികയാണ്. ഞാൻ കഴിഞ്ഞദിവസം സഭയിൽ അദ്ദേഹത്തോട് ചോദിച്ചു, കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റികളെ വാടകയ്ക്കെടുക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന്. മൂന്ന് ദിവസത്തേയ്ക്കോ നാല് ദിവസത്തേയ്ക്കോ ഫാക്കൽറ്റികളെ ഒറീസ്സയിൽ നിന്നോ ഗുജറാത്തിൽ നിന്നോ ഇറക്കുമതി ചെയ്ത് മൂന്നും നാലും ലക്ഷം രൂപകൊടുത്ത് അവരെ പ്രദർശിപ്പിച്ചശേഷം നാലാം ദിവസം അവരെ മടക്കിയയക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് ചോദിച്ചപ്പോൾ അദ്ദേഹം അറിഞ്ഞിട്ടില്ലെന്നാണ് പറഞ്ഞത്. മാങ്ങാട് മെഡിക്കൽ കോളേജുൾപ്പെടെയുള്ള പല കോളേജുകളിലും ഇങ്ങനെ വന്നുപോകുന്നവരുമായി നേരിട്ടു സംസാരിച്ചതിന്റെ വെളിച്ചത്തിലാണ്

ഞാൻ ആ ചോദ്യം ചോദിച്ചത്. അദ്ദേഹത്തിന് മറുപടിയുണ്ടായില്ല. ഈ ഫാക്കൽറ്റി വാടക പരിപാടി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിന്ന് സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക് പറിച്ചുനടുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പല കോളേജുകളിലും കൂട്ടസ്ഥലംമാറ്റം. മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നം നമ്മൾ ചർച്ച ചെയ്യുകയുണ്ടായി. സൗകര്യങ്ങളില്ല, അദ്ധ്യാപകരില്ല, ഡി.എം.ഇ.യിൽ നിന്ന് നിയമിക്കപ്പെടേണ്ട അദ്ധ്യാപകർ ഡി.എച്ച്.എസ്-ൽ ജോലി ചെയ്യുന്നവരെ ഡെപ്യൂട്ട് ചെയ്താണ് പറഞ്ഞയക്കുന്നത്. അവർ അദ്ധ്യാപകരല്ല, അവർക്ക് പ്രൊഫസർഷിപ്പുമില്ല. ഒരു സുപ്രഭാതത്തിൽ അങ്ങോട്ട് മാറ്റുന്നു. അവരുടെ അഭിപ്രായം ചോദിക്കുന്നില്ല. റിട്ടയർ ചെയ്ത 45 പ്രൊഫസർമാർക്ക് പകരം നിയമനം നടത്താതെ അദ്ധ്യാപകരെ കൂട്ടമായി സ്ഥലംമാറ്റുന്നു. കോഴിക്കോട് നിന്ന് മഞ്ചേരിയിലേക്ക് ആലപ്പുഴയിൽ നിന്ന് ഇടുക്കിയിലേക്ക് അങ്ങനെ സ്ഥലംമാറ്റം നടത്തി അദ്ധ്യാപകരെ തികയ്ക്കുന്നു. അതായത് കേരളത്തിൽ ഡോക്ടർമാരുടെ തലയെണ്ണൽ പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. ഇതുവരെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ തലയെണ്ണലും ആ കുട്ടികളുടെ തലയെണ്ണലിന്റെ ഫലമായുള്ള കള്ളക്കണക്കുകളുമാണ് നടന്നിരുന്നതെങ്കിൽ ഇവിടെ സർക്കാർ മെഡിക്കൽ

കോളേജുകളിൽ അദ്ധ്യാപകരായ ഡോക്ടർമാരുടെ തലയെണ്ണൽ പ്രക്രിയയാണ് നടക്കുന്നത്. തലയെണ്ണിക്കഴിഞ്ഞാൽ പിറ്റേദിവസം അവരെ ട്രാൻസ്ഫർ ചെയ്യുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകൾ ചെയ്യുന്നതിന്റെ തനിസ്വരൂപം സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും കൊണ്ടു വരികയാണ്. നിങ്ങൾ കുറേ മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. അവിടുത്തെ സൗകര്യങ്ങളോ, ഇടുക്കിയിലെ മെഡിക്കൽ കോളേജിൽ ഒരു എക്സ്റേ യൂണിറ്റില്ല. എക്സ്റേ യൂണിറ്റില്ലാത്ത മെഡിക്കൽ കോളേജ് - ഇത് MCI-യുടെ കമന്റാണ്. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗം കാട്ടാനകൾ കയറുന്ന സാഹചര്യത്തിലാണ്. കാട്ടാനകളെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഒരു ഭാഗത്ത് കാട്ടാനകളെ വെട്ടിയരിഞ്ഞ് കൊമ്പ് കയറ്റിക്കൊണ്ടുപോകുന്ന ആനക്കടത്തുകാർ, മറുഭാഗത്ത് ആനകളുടെ ശല്യംകൊണ്ട് കൃഷിക്കാരുടെ കാർഷിക ഉത്പ്പന്നങ്ങൾ നശിക്കുന്നു. കൃഷിക്കാരുടെ കാർഷിക ഉത്പ്പന്നങ്ങൾ മാത്രമല്ല കേരളത്തിലെ സ്വാശ്രയം ഉൾപ്പെടുന്ന മെഡിക്കൽ കോളേജിൽ കയറി അത് നശിപ്പിക്കുന്ന കാട്ടാനക്കൂട്ടമായി കേരളത്തിലെ മന്ത്രിമാർ മാറിയിരിക്കുകയാണ്. ഈ മന്ത്രിസഭയ്ക്ക് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത സ്ഥിതിവരികയാണ്. സർക്കാരിന്റെ ഈ ഇരട്ടത്താപ്പുനയം കാരണം കേരളത്തിലെ മെഡിക്കൽ കോളേജിൽ മെറിറ്റ് സീറ്റ് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. അതിനെ

സംബന്ധിച്ച് വലിയ ആശങ്ക കേരളത്തിലെ മുഴുവൻ രക്ഷിതാക്കൾക്കിടയിലും വന്നിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണമായ തകർച്ചയ്ക്ക് കാരണം മെറിറ്റ് സീറ്റിൽ നാലു ലക്ഷം രൂപ ഫീസ് വാങ്ങിക്കാൻ അംഗീകാരം കൊടുത്ത സർക്കാരിന്റെ ഇരട്ടത്താപ്പ് നയത്തിന്റെ ഭാഗമാണ്. ഇരട്ടത്താപ്പ് നയത്തിന് എന്താണ് ന്യായീകരണം. ഒരു വ്യവസ്ഥ, എന്തടിസ്ഥാനത്തിലാണെന്ന് ഈ സഭയിൽ പറയാൻ സാധിക്കും. 59,000 കുട്ടികൾ കാത്തിരിക്കുന്ന ദിവസമാണ് ഇന്ന്. 34,000 എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ അരക്ഷിതാവസ്ഥയുടെ മറ്റൊരുദാഹരണം. 34,000 എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഗവൺമെന്റ് നൽകിയ ഒരു ഔദാര്യമുണ്ട്. ഗണിതത്തിന് പൂജ്യം മാർക്ക് ലഭിച്ചവർക്കും എഞ്ചിനീയറിംഗിന് ചേരാം. ഗണിതത്തിന് 50 ശതമാനം മാർക്കെങ്കിലുമുണ്ടെങ്കിലേ എഞ്ചിനീയറിംഗിന് ചേരാൻ കഴിയൂ എന്ന വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥ എടുത്തുകളഞ്ഞു. പകരം മാത്തമാറ്റിക്സ് ഉൾപ്പെടുന്ന മൂന്ന് ശാസ്ത്രവിഷയങ്ങൾക്കും കൂടി 45 ശതമാനം മാർക്ക് മതിയെന്ന് പറയുന്നതിന്റെ അർത്ഥം പൂജ്യം മാർക്ക് മാത്തമാറ്റിക്സിന് കിട്ടിയ ഒരാൾക്കുപോലും എഞ്ചിനീയറിംഗിന് ചേരാമെന്നുള്ളതാണ്. ഗണിതത്തിന് പൂജ്യം

മാർക്ക് കിട്ടുന്ന കുട്ടിയെ എഞ്ചിനീയറാക്കാൻ ശ്രമിക്കുന്ന ഗവൺമെന്റ്, കുട്ടികളുടെ വിദ്യാഭ്യാസം സംരക്ഷിക്കാനാണോ സ്വാശ്രയ കോളേജ് ഉടമസ്ഥൻമാരുടെ താത്പര്യം സംരക്ഷിക്കാനാണോ നിലകൊള്ളുന്നത്. അതുമാത്രമാണോ, ഏകജാലക സംവിധാനത്തിന്റെ ഭാഗമായുള്ള കേരളത്തിലെ ഡിഗ്രി അലോട്ട്മെന്റ്. എല്ലാ കേളേജുകളിലും മെറിറ്റ് സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. സ്പോട്ട് അഡ്മിഷൻ അനുവദിക്കുന്നില്ല. സ്വാശ്രയ കോളേജുകൾക്ക് അഡ്മിഷൻ നടത്താനുള്ള സംവിധാനം ഒരുക്കിക്കൊടുക്കുകയാണ്. കോഴിക്കോട് സർവ്വകലാശാലയിൽ മെറിറ്റ് സീറ്റിൽ പല സ്ഥലങ്ങളിലും കുട്ടികളേയില്ല, സീറ്റൊഴിഞ്ഞുകിടക്കുന്നു. അതേസമയം സ്വാശ്രയ കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തിക്കൊണ്ടിരിക്കുന്നു. സ്വാശ്രയ കോളേജുകളിലെ പ്രവേശനം പൂർത്തീകരിച്ചശേഷം അലോട്ട്മെന്റ് നടത്തുന്നനിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗം സ്വാശ്രയ കച്ചവടത്തിന് വിട്ടുകൊടുക്കുന്ന ഒരു കച്ചവട സംഘമായി നിങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ രക്ഷിതാക്കൾ വലിയ ആശങ്കയിലാണ്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ശക്തമായി ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്.</u>

ശിവകുമാർ): സർ, ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അഡ്മിഷൻ സംബന്ധിച്ച്, പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും അഡ്മിഷൻ നടത്തുന്ന നടപടികളുമായാണ് എൻട്രൻസ് കമ്മീഷണർ മുന്നോട്ട് പോകുന്നത്. സ്വാശ്രയ മെഡിക്കൽ കോളേജിലെ മെറിറ്റ് സീറ്റിലേയ്ക്ക് വേണ്ടിയുള്ള അഡ്മിഷന് 17/4/2015-ന് എല്ലാ കോളേജുകൾക്കും എഗ്രിമെന്റ് വയ്ക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തണമെന്ന് പറഞ്ഞ് കത്തെഴുതുകയും ഇക്കാര്യത്തെ സംബന്ധിച്ച് 3/6/2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സ്വാശ്രയ മാനേജ്മെന്റുകളെ വിളിച്ച് ചർച്ച നടത്തുകയുമുണ്ടായി. ആ ചർച്ചയിൽ ഇന്റർ ചർച്ച് കൗൺസിലിന്റെ നാല് മെഡിക്കൽ കോളേജുകളുമായി അന്ന് ധാരണയായി. അതോടൊപ്പം 50 ശതമാനം സീറ്റുകൾ നൽകുന്നതിന് ഫീസിന്റെ കാര്യത്തിൽ എഗ്രിമെന്റ് വന്നു. ദന്തൽ കോളേജുകളുമായി അന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കരാർ ഒപ്പുവയ്ക്കുകയുണ്ടായി. ബാക്കിവരുന്ന കോളേജുകൾ എന്നുപറയുന്നത് 15.5.2015-ൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ റെക്കമന്റേഷൻ നൽകിയ 6 കോളേജുകളാണ്. അതിന്റെ ഫൈനൽ തീരുമാനം വരുന്നത് 15.6.2015-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ

തീരുമാനമനുസരിച്ചാണെന്ന് മൂന്നാം തീയതി നടത്തിയ ചർച്ചയിൽ അവർ പറഞ്ഞു. അതിനാൽ അടുത്ത സമയം ചർച്ച നടത്താം, ഞങ്ങൾക്ക് അംഗീകാരം ലഭ്യമാകാതെ എഗ്രിമെന്റ് വയ്ക്കാൻ കഴിയില്ലെന്നു അവർ പറയുകയുണ്ടായി. നാല് ഇന്റർ ചർച്ച് കൗൺസിലിന്റെ മെഡിക്കൽ കോളേജുകളും ദന്തൽ കോളേജുകളുമായി അന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 1/7/2015-ൽ വീണ്ടും യോഗം വിളിച്ചു, അതിൽ അഞ്ചു മെഡിക്കൽ കോളേജുകൾ പങ്കെടുത്തു. അവ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, പരിയാരം മെഡിക്കൽ കോളേജ്, ഗോകുലം മെഡിക്കൽ കോളേജ്, അസീസിയ മെഡിക്കൽ കോളേജ്, ട്രാവൻകൂർ മെഡിക്കൽ കോളേജ് ഇവയാണ്. അന്നുതന്നെ സ്വാശ്രയഫീസും പരിയാരം മെഡിക്കൽ കോളേജുമായുമുള്ള എഗ്രിമെന്റും ഒപ്പ് വച്ച് 14/7/2015-ൽ ജി.ഒ.യും ആയി. അതിനുശേഷം 20-07-2015-ൽ കത്തുനൽകി അവരെ ഇക്കാര്യം അറിയിച്ചിട്ടുള്ളത്. കഴിഞ്ഞപ്രാവശ്യം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലാണ് എഗ്രിമെന്റ് വച്ചത്. ഈ വർഷം നാല് കോളേജുകളിൽ എഗ്രിമെന്റ് വച്ചു. പരിയാരം മെഡിക്കൽ കോളേജ് ഉടൻ തന്നെ എഗ്രിമെന്റ് വയ്ക്കും, അതോടെ അഞ്ചാകും. 6 മെഡിക്കൽ കോളേജുകൾക്ക് ഈ പ്രാവശ്യം അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല. ബാക്കി നാല് മെഡിക്കൽ

കോളേജുകൾ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ ഗവൺമെന്റുമായി സംസാരിച്ചിട്ടുണ്ട്. അടുത്ത അലോട്ട്മെന്റ് സെപ്റ്റംബർ അഞ്ചാം തീയതിയാണ്. അതിന് മുൻപ് അംഗീകാരം ലഭ്യമായിട്ടുള്ള നാല് മെഡിക്കൽ കോളേജുകൾകൂടി എഗ്രിമെന്റിൽ ഒപ്പു വയ്ക്കും. ആറ് മെഡിക്കൽ കോളേജുകളും ചർച്ചയിൽ പറഞ്ഞിട്ടുള്ളത് അവർക്ക് അംഗീകാരം ലഭ്യമായാൽ ഗവൺമെന്റുമായി കഴിഞ്ഞ വർഷത്തെപ്പോലെ എഗ്രിമെന്റ് വയ്ക്കുന്നതിന് തയ്യാറാണെന്നാണ്. ഇന്നത്തെ അലോട്ട്മെന്റ്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാനദണ്ഡപ്രകാരമുള്ള ഡേറ്റുകൾ തീരുമാനിച്ചതിന്റെ ഫലമായാണ് രണ്ടാമത്തെ അലോട്ട്മെന്റ് നടത്തുന്നത്. ആൾ ഇന്ത്യ എൻട്രൻസ് എക്സാമിനേഷന് ഈ പ്രാവശ്യം പ്രശ്നങ്ങളുണ്ടായി. ഇന്നലെ പരീക്ഷ നടന്നു. അതിന്റെ അലോട്ട്മെന്റ് വരണം. അലോട്ട്മെന്റ് അനുസരിച്ച് സീറ്റുകൾ വരണം. സീറ്റ് ഒഴിവുവരുന്നതിന് സംസ്ഥാനത്തിന് അലോട്ട് ചെയ്യും. അതിനുവേണ്ടി രണ്ടാമതും അഡ്മിഷൻ പ്രോസസ് നടത്തണം. കഴിഞ്ഞവർഷത്തെക്കാൾ കൂടുതൽ സമയം അഡ്മിഷൻ പ്രോസസ് തീരുന്നതിന് ഉണ്ടാകും. അടുത്ത അലോട്ട്മെന്റോടുകൂടി മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭ്യമാക്കാൻ കഴിയുന്ന മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് അഡ്മിഷൻ നൽകുവാൻ കഴിയുന്ന സാഹചര്യം ഇന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം

കോളേജുകൾക്ക് എഗ്രിമെന്റ് കിട്ടിയില്ലെന്നുള്ളതാണ്. സംസ്ഥാനത്തെ 9 ഗവൺമെന്റ് കോളേജുകളിലുമായി 1250 സീറ്റുകളിൽ അഡ്മിഷൻ നടന്നുകഴിഞ്ഞു, അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി നാലു മെഡിക്കൽ കോളേജുകൾ കൂടി തുടങ്ങിയ പശ്ചാത്തലത്തിൽ ഏകദേശം 300 സീറ്റുകളിൽ കൂടുതലായി അഡ്മിഷൻ നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തന്നെ.......(ബഹളം)..... മറ്റു പല സംസ്ഥാനങ്ങളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കുള്ള അംഗീകാരം ഇപ്പോഴും ലഭ്യമായിട്ടില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ 9 മെഡിക്കൽ കോളേജുകൾക്കും ഈ വർഷം അംഗീകാരം ലഭ്യമായി. ആ കോളേജുകളിലേയ്ക്കുള്ള ഫസ്റ്റ് അലോട്ട്മെന്റിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ മുഴുവൻ സംവിധാനവും ഏർപ്പെടുത്തി, 1400 തസ്തികകളാണ് പുതിയതായി ക്രിയേറ്റ് ചെയ്തത്. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരായി സംസാരിക്കുന്നതുകൊണ്ടും സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ഒരുപക്ഷേ ദ്രോഹകരമായേക്കാം എന്ന രീതിയിലുള്ള ചർച്ചകൾ വരുന്നതുകൊണ്ടുമാണ് സംസ്ഥാന ഗവൺമെന്റ് തന്നെ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്. അതിനെയും ഇവർ എതിർക്കുകയാണ്. പിന്നോക്കമേഖലകളിലും ചികിത്സ ലഭ്യമാകാത്ത സ്ഥലങ്ങളിലുമാണ് മെഡിക്കൽ

കോളേജുകൾ ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ 9 മെഡിക്കൽ കോളേജുകൾക്കും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായി. പുതുതായി തുടങ്ങിയ മഞ്ചേരി മെഡിക്കൽ കോളേജിലാണ് കഴിഞ്ഞ വർഷം എം.ബി.ബി.എസ്.-ന് ആദ്യ റാങ്ക് ലഭിച്ചത്. ഏറ്റവും കൂടുതൽ കുട്ടികൾ പാസ്സായതും ഏറ്റവും നല്ല റിസൾട്ടുണ്ടായതും അവിടെയാണ്. ഗവൺമെന്റ് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നു, അതിന് മുഴുവൻ അംഗീകാരം ലഭിക്കുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭ്യമാകുന്നില്ല. അവയ്ക്കും അംഗീകാരം കിട്ടണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. കാരണം, 50 ശതമാനം സീറ്റുകളിൽ കുട്ടികൾക്ക് മെറിറ്റിൽ അഡ്മിഷൻ ലഭിക്കും. ഇവിടെ ഗവൺമെന്റ് മെഡിക്കൽ കൊളേജുകളിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേതിനേക്കാൾ കൂടുതൽ സൗകര്യം ഉറപ്പാക്കുന്നതുകൊണ്ടാണ് അംഗീകാരം ലഭിക്കുന്നത്. പ്രതിപക്ഷം പറയുന്നത്, പ്രൊഫസർമാരെ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറ്റുന്നുവെന്നാണ്. പുതിയ മെഡിക്കൽ കോളേജുകൾ വരുമ്പോൾ പ്രൊഫസർമാരെയും അസോസിയേറ്റ് പ്രൊഫസർമാരെയും ഡി.എം.ഇ.-യുടെ കീഴിലുള്ള കോളേജുകളിൽ അറേഞ്ച്മെന്റ് ചെയ്യേണ്ടി വരും. അസിസ്റ്റന്റ് പ്രൊഫസർമാരെയും ആവശ്യമുള്ള സ്റ്റാഫുകളെയും പി.എസ്.സി. വഴി നിയമിക്കാൻവേണ്ടി 1400 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുവെന്ന്

ഞാൻ സഭയിൽ പറഞ്ഞതാണ്........(ബഹളം).....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ,........

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിനുശേഷം ശ്രീ. പി. ശ്രീരാമകൃഷ്ണന് ചോദിക്കണമെങ്കിൽ ചോദിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഫീസിന്റെ കാര്യം ഞാൻ പറയാം. അവർ പറഞ്ഞ ഓരോ പോയിന്റുകൾക്കും ഞാൻ മറുപടി പറയാം. പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിൽ, 15 കോളേജുകളുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. 4 കോളേജുകൾ എഗ്രിമെന്റ് ഒപ്പുവച്ച് അഡ്മിഷൻ നടത്തുന്നു. അവയിൽ 3 കോളേജുകളിൽ ഇന്ന് അലോട്ട്മെന്റ് നടക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജും എഗ്രിമെന്റ് ഒപ്പുവച്ചു. 4 മെഡിക്കൽ കോളേജുകൾ 5-ാം തീയതിയ്ക്കകം എഗ്രിമെന്റ് വയ്ക്കും. ബാക്കി 6 മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭ്യമായിട്ടില്ല. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ കോളേജുകളിലും ഈ വർഷം അഡ്മിഷൻ കൊടുക്കാൻ കഴിയുമെന്നുള്ളത് യാഥാർത്ഥ്യമാണ്. ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ കാര്യത്തെക്കുറിച്ച് പറയുകയുണ്ടായി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റുകൾ മുഴുവൻ സീറ്റുകളിലും അഡ്മിഷൻ നടത്തി. ഈ

ഗവൺമെന്റ് വന്നതിനുശേഷമാണ് ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജുകളിൽ 50 ശതമാനം മെരിറ്റ് സീറ്റ് ഈ സംസ്ഥാനത്തെ മിടുക്കരായ കുട്ടികൾക്ക് ലഭിച്ചത്. ഫീസിന്റെ കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല, എല്ലാവർക്കുമറിയാം 4 ലക്ഷം രൂപയാണ് ഫീസ്. പക്ഷെ, 100 ശതമാനം സീറ്റുകളിലും അവർ അഡ്മിഷൻ നടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിൽ നിന്നും കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് 50 ശതമാനം മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കാൻ നടപടിയെടുത്ത ഗവൺമെന്റാണിത്. ........(ബഹളം)....

<u>ശ്രീ. ആർ. രാജേഷ്</u>: സർ,.... സർ,.....

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാജേഷ്, ഇത് ശരിയല്ല. പ്ലീസ്.... പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞാൽ നിങ്ങൾക്ക് ചോദ്യം ചോദിക്കാം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: ഈ ഗവൺമെന്റ് വന്നതിനുശേഷം ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി സംസാരിച്ചു, എഗ്രിമെന്റ് വച്ചു. അതോടൊപ്പം നമ്മളൊരു കണ്ടീഷനും വച്ചു - പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് ഏർപ്പെടുത്തണം. അങ്ങനെ 40 ലക്ഷം രൂപ അവർ പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ കോളേജുകളിൽ പാവപ്പെട്ട കുട്ടികൾക്ക് ഒരു സീറ്റുപോലും മെരിറ്റ് അടിസ്ഥാനത്തിൽ

കൊടുക്കാതിരുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് വന്ന് 50 ശതമാനം സീറ്റ് കൊടുത്തത്. 4 ലക്ഷം രൂപ ഫീസ് ഏർപ്പെടുത്തിയെന്നത് ഞാൻ സമ്മതിക്കുന്നു. പക്ഷേ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുന്നതിനായി 40 ലക്ഷം രൂപ സ്കോളർഷിപ്പ് അവർ കൊടുക്കുകയാണ്. അതോടൊപ്പം മറ്റൊരു കാര്യം ഇവിടെ പറഞ്ഞു, രണ്ട് മൂന്ന് മെഡിക്കൽ കോളേജുകൾ എഗ്രിമെന്റ് വയ്ക്കുന്നില്ലെന്ന്. ശരിയാണ്, കാരുണ്യ, കരുണ, എം.ഇ.എസ്., കെ.എം.സി.റ്റി. തുടങ്ങിയ മെഡിക്കൽ കോളേജുകൾ അവർക്ക് ന്യൂനപക്ഷ പദവിയുണ്ടെന്ന് പറഞ്ഞുകൊണ്ട് എഗ്രിമെന്റ് വച്ചിട്ടില്ല. സുപ്രീം കോടതിയിൽ നിന്നും അവർക്ക് അതിനുള്ള അനുമതി കിട്ടിയിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് എം.ഇ.എസും കെ.എം.സി.റ്റി.-യും എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്തത്. കരുണ, കാരുണ്യ എന്നീ രണ്ട് മെഡിക്കൽ കോളേജുകൾക്കെതിരെ കേസ് എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കേരള ആരോഗ്യ സർവ്വകലാശാലയോട് ഗവൺമെന്റ് നിർദ്ദേശിച്ചു. നടപടികളുമായി മുന്നോട്ടുപോയപ്പോൾ കോടതിയുടെ സ്റ്റേ വന്നു. അതുകൊണ്ടാണ് അവർക്ക് അഡ്മിഷൻ നടത്താൻ കഴിയുന്നത്. എന്തായാലും എഗ്രിമെന്റ് വയ്ക്കാതെ മുന്നോട്ടുപോകുന്ന കോളേജുകൾക്കെതിരെ ഗവൺമെന്റ് കർശനമായ നടപടി സ്വീകരിക്കും. ഇന്നലെ ചേർന്ന കേരള ആരോഗ്യ

സർവ്വകലാശാലയുടെ യോഗത്തിൽ, ഇവർക്ക് നൽകിയിട്ടുള്ള സൗകര്യങ്ങൾ മുഴുവൻ പിൻവലിക്കുന്നതിനും recognition കൊടുക്കാതിരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കും. രണ്ടുതരത്തിലാണ് ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത്. ഒന്ന്, പുതിയതായി സർക്കാർ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നു. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ 16 മെഡിക്കൽ കോളേജുകൾ ഈ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകും. ഇത് വെറും പ്രഖ്യാപനമല്ല, കോളേജുകൾ ഓരോ വർഷവും തുടങ്ങുകയും ആ കോളേജുകൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമേർപ്പെടുത്തുകയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയുമാണ്. മറ്റൊന്ന്, സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് നിയമപരമായി അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കഴിഞ്ഞ വർഷത്തെപ്പോലെതന്നെ ഈ വർഷവും, എല്ലാ കോളേജുകളുമായും എഗ്രിമെന്റ് വയ്ക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതിനാൽ ഈ അടിയന്തരപ്രമേയത്തിന്മേൽ ചർച്ച അനുവദിക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, കാര്യങ്ങൾ വളരെ ലളിതമാണ്, സങ്കീർണ്ണമാക്കണ്ട. മെരിറ്റിലുള്ള 925 സീറ്റുകൾക്ക് മുഴുവൻ അലോട്ട്മെന്റ്

ലഭിക്കുമോ എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ളതു പ്രകാരം എല്ലാ കോളേജുകളിലും അലോട്ട്മെന്റ് നടത്താൻ സാധിക്കുമോ? അങ്ങ് ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു, കഴിഞ്ഞ വർഷം 450 സീറ്റുകൾ നമുക്ക് നഷ്ടപ്പെട്ടു. ആ നഷ്ടപ്പെട്ട സീറ്റിന്റെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ കഴിഞ്ഞു; കഴിഞ്ഞ വർഷം ഇതേ സഭയിൽ നൽകിയ ഉറപ്പ് പാലിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അതിനുള്ള മറുപടി ഞാൻ നൽകിക്കഴിഞ്ഞു. 6 കോളേജുകൾക്ക് അംഗീകാരം ലഭ്യമായിട്ടില്ല. ബാക്കിയുള്ള എല്ലാ കോളേജുകളുമായും എഗ്രിമെന്റ് വയ്ക്കും. കഴിഞ്ഞ വർഷം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന, ന്യൂനപക്ഷ വിഭാഗത്തിന്റെ ചില കോളേജുകളും എഗ്രിമെന്റ് ഒപ്പുവച്ചു. മറ്റു കോളേജുകളുടെ കാര്യത്തിൽ നിയമ നടപടികളുമായി മുന്നോട്ടുപോകുകയാണ്. 24.07.2015-ൽ കൂടിയ ആരോഗ്യ സർവ്വകലാശാലയുടെ യോഗത്തിൽ ഈ വർഷം എഗ്രിമെന്റ് വയ്ക്കാത്ത കോളേജുകൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. പി.എച്ച്.സി.-കളുമായും സി.എച്ച്.സി.-കളുമായും അറ്റാച്ച് ചെയ്തിട്ടുള്ള കോളേജുകളുടെ അംഗീകാരം പിൻവലിക്കുന്നതിനും അതുപോലെ ഇവർക്ക് കഡാവർ നൽകുന്നതിനുള്ള തീരുമാനം

പിൻവലിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. 24.07.2015-ന് ചേർന്ന ആരോഗ്യ സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ യോഗം, എഗ്രിമെന്റ് ഒപ്പിടാത്ത കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കേണ്ടതില്ല എന്ന തീരുമാനമെടുത്തിട്ടുണ്ട്. ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ വളരെ ശക്തമായിത്തന്നെ സ്വീകരിക്കുന്നുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് സീറ്റുകളിൽ കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമാക്കുന്നതിനായി ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ നടപടിക്രമങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അതിന് വഴങ്ങാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കും. സംസ്ഥാന ഗവൺമെന്റിനു കീഴിലുള്ള പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികളെടുക്കും. കഴിഞ്ഞ കാലത്തേക്കാൾ 300 സീറ്റുകളിൽ അധികമായി അഡ്മിഷൻ കൊടുക്കാൻ ഈ വർഷം കഴിയുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുടെ മുമ്പിൽ ഈ സർക്കാർ ഓച്ഛാനിച്ച നിൽക്കുകയാണ്. അവർ തോന്നുന്നതുപോലെ അഡ്മിഷൻ നടത്തുകയും ഫീസ് വാങ്ങുകയും ചെയ്യുന്നു. സർക്കാരിന് ഇവരുടെ മേൽ ഒരു നിയന്ത്രണവുമില്ല. ചുരുക്കത്തിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കഴുത്തറുപ്പൻ സ്വാശ്രയ മാനേജ്മെന്റുകൾ സ്വൈരവിഹാരം നടത്തുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതാവാണ് എന്നല്ലേ പറയുന്നത്. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ, രണ്ട് സ്വാശ്രയ കോളേജുകൾക്ക് സമം ഒരു സർക്കാർ കോളേജെന്ന് സ്വാശ്രയ കോളേജുകളെപ്പറ്റി പറഞ്ഞ വാചകം അങ്ങ് ഓർക്കുന്നില്ലേ? ശ്രീ. എ.കെ. ആന്റണിയുടെ ആപ്തവാക്യം വല്ലാതെ മോഹിപ്പിക്കുന്നതായിരുന്നു. എന്നാൽ, ഇപ്പോൾ ഒരു സ്വാശ്രയ കോളേജെന്ന് പറയുന്നത് ഒന്നര സ്വാശ്രയ കോളേജാണ്. സ്വാശ്രയ കോളേജുകളിലെ മൊത്തം സീറ്റുകളിൽ പകുതി സീറ്റിൽ മെരിറ്റടിസ്ഥാനത്തിൽ സർക്കാർ ഫീസിൽ പഠിക്കാൻ കഴിയുമെന്നായിരുന്നു ശ്രീ. എ. കെ. ആന്റണി അന്ന് പറഞ്ഞിരുന്നത്. എന്നാൽ ശ്രീ. എ. കെ. ആന്റണിയുടെയും ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെയും വാക്കിന് പുല്ലുവില പോലും കൽപ്പിക്കാതെയാണ് സ്വാശ്രയ മാനേജ്മെന്റുകൾ

തോന്നിയതുപോലെ പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം 18 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 14 എണ്ണമെങ്കിലും സർക്കാരുമായി കരാറിൽ ഒപ്പിട്ടിരുന്നു. ഈ വർഷം പരിയാരം മെഡിക്കൽ കോളേജടക്കം വെറും അഞ്ച് കോളേജുകൾ മാത്രമാണ് സർക്കാരുമായി കരാർ ഉണ്ടാക്കിയിട്ടുള്ളത്. ബാക്കി മുഴുവൻ കോളേജുകളിലും അവർക്ക് ഇഷ്ടപ്പെട്ട ഫീസ് വാങ്ങി പഠിപ്പിക്കുകയാണ് എന്നർത്ഥം. ആറ് മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പോലും ലഭിച്ചിട്ടില്ല. ഈ കോളേജുകളിലൊന്നും ഡോക്ടർമാരെ പഠിപ്പിക്കാൻ കഴിയുന്ന സൗകര്യങ്ങളൊന്നുമില്ല. പെട്ടിക്കട തുടങ്ങുന്നതുപോലെ മെഡിക്കൽ കോളേജ് അനുവദിക്കുന്ന നിങ്ങളുടെ നയമല്ലേ ഇതിന് കാരണം? ഈ സ്വാശ്രയ കോളേജുകൾക്ക് ലക്ഷങ്ങൾ കോഴ കൊടുക്കാൻ കഴിയുന്ന ആരെയും ഡോക്ടർമാരാക്കാം എന്നാണ് അവസ്ഥ. പ്രവേശന പരീക്ഷയിൽ 100-ൽ പത്തിനുതാഴെ മാർക്ക് വാങ്ങിക്കുന്ന തിരുമണ്ടൻമാർ പോലും 50-60 ലക്ഷം രൂപ കോഴ കൊടുത്ത് അത്തരം കോളേജുകളിൽ മെഡിക്കൽ സീറ്റ് തരപ്പെടുത്തുകയാണ്. ഇക്കൂട്ടർ ചികിത്സിക്കുന്ന രോഗികളുടെ സ്ഥിതി എന്തായിരിക്കും? സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ ഈ സർക്കാരിന്റെ തലതിരിഞ്ഞ നയമാണ് ഇതിനൊക്കെ അവസരം ഒരുക്കുന്നത്. ഈ സർക്കാർ, വിദ്യാഭ്യാസത്തെ വെറും

കൊള്ളക്കച്ചവടമാക്കി മാറ്റിയിരിക്കുകയല്ലേ; വിദ്യാഭ്യാസ മേഖലയിൽ എന്തിനും കാശടിച്ചുമാറ്റുകയെന്നതല്ലേ ഈ സർക്കാരിന്റെ നയം; കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിന് പിന്നിലും നിങ്ങളുടെ ഈ കഴുത്തറുപ്പൻ കച്ചവട മനോഭാവമല്ലേ കാണുന്നത്; ഈ സ്വാശ്രയ മെഡിക്കൽ കോളേജുകൾ പോലെയാണ് ഇപ്പോൾ നിങ്ങൾ നൽകിയിരിക്കുന്ന സ്വയംഭരണ കോളേജുകളും. സ്വയംഭരണ കോളേജുകളുടെമേൽ ആർക്കെങ്കിലും നിയന്ത്രണമുണ്ടോ; സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; യൂണിവേഴ്സിറ്റിക്കുണ്ടോ; മറ്റ് ഏതെങ്കിലും അക്കാദമിക് സമിതികൾക്ക് നിയന്ത്രണമുണ്ടോ? എല്ലാം നിയന്ത്രിക്കുന്നത് സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളാണ്. അഡ്മിഷനും പഠിപ്പിക്കലും പരീക്ഷ നടത്തുന്നതുമെല്ലാം അവർക്ക് തോന്നിയതുപോലെ ചെയ്യും. സർക്കാർ അവരുടെ മുന്നിൽ വെറും കാഴ്ചക്കാരായി നിൽക്കുകയാണ്. ഏറെ സൂക്ഷിച്ചും കരുതലോടുകൂടിയും കൈകാര്യം ചെയ്യേണ്ട ഒന്നാണ് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല. അതിൽ അതീവ ജാഗ്രത കാട്ടേണ്ട ഒന്നാണ് മെഡിക്കൽ വിദ്യാഭ്യാസ രംഗം. ജനങ്ങളുടെ ജീവനും ജീവിതവുംകൊണ്ടുള്ള കളിയാണിത്. അതിനെ സർക്കാർ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് കാണുന്നത്. ഈ മേഖലയിലെ അരാജകത്വം അതാണ് തെളിയിക്കുന്നത്. ഇന്നിപ്പോൾ സർക്കാരിനെ പോലും വെല്ലുവിളിക്കാൻ

കഴിയുന്ന ശക്തിയും സ്വാധീനവും ഈ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്ക് കൈവന്നിരിക്കുകയാണ്. എങ്ങനെയാണ് ഇവർക്ക് ഇത്രയേറെ കരുത്തുണ്ടായത്; വിദ്യാർത്ഥികളെ പിഴിഞ്ഞുണ്ടാക്കുന്ന പണത്തിന്റെ ഹുങ്കിലല്ലേ ഇവർ സർക്കാരിനെയും വെല്ലുവിളിക്കുന്നത്; അവർക്കു മുന്നിൽ പഞ്ചപുച്ഛമടക്കി സർക്കാർ സംവിധാനം നിൽക്കുന്നു എന്നുപറഞ്ഞാൽ അതിൽപ്പരം നാണക്കേടുണ്ടോ? ഓരോ ജില്ലയിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് വീമ്പിളക്കിയ സർക്കാരിന്, എത്ര മെഡിക്കൽ കോളേജുകൾ ഈ നാല് വർഷത്തിനിടയിൽ ആരംഭിക്കാൻ കഴിഞ്ഞു; അവിടെയൊക്കെ അഡ്മിഷൻ നടത്തുന്നതിന് നിങ്ങൾക്ക് സാധിച്ചോ; ഇതിൽ ഏതെങ്കിലും കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകിയോ? പാവപ്പെട്ടവർക്ക് അഭയമായിരുന്ന പല ആശുപത്രികളുടെയും മുന്നിൽ മെഡിക്കൽ കോളേജെന്ന ബോർഡ് വച്ച് പാവപ്പെട്ട രോഗികളെ വലയ്ക്കുകയല്ലേ നിങ്ങൾ ചെയ്തിരിക്കുന്നത്? ഇപ്പോൾ, രാജാവിന്റെ കാലത്ത് ആരംഭിച്ച ജനറൽ ഹോസ്പിറ്റലിന്റെ മുന്നിലും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ മുന്നിലും വന്നു ഒരു ബോർഡ് - 'മെഡിക്കൽ കോളേജ്' എന്ന ബോർഡ്! ഇതൊക്കെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയുമല്ലേ? ഇക്കാര്യങ്ങളൊന്നും ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ

കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന അത്യന്തം ഗുരുതരമായ പ്രശ്നങ്ങളാണ് അടിയന്തരമായി ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോഴും കഴിഞ്ഞ അഞ്ചുകൊല്ലത്തിന് മുമ്പുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാര്യങ്ങൾ പറഞ്ഞ് തടി തപ്പുകയാണ്. കഴിഞ്ഞകാലത്ത് നടന്ന കാര്യങ്ങൾ ഒരു മാതൃകയാണെങ്കിൽ, നിങ്ങൾ അത് അംഗീകരിക്കുന്നുവെങ്കിൽ നിങ്ങൾ അവിടെയിരിക്കേണ്ട കാര്യമില്ല. എന്തായാലും കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായ സമീപനമാണെന്ന് അങ്ങ് അവകാശപ്പെടുമ്പോൾത്തന്നെ, അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾത്തന്നെ, കഴിഞ്ഞ തവണ 420 മെഡിക്കൽ സീറ്റുകൾ നഷ്ടപ്പെട്ടുവെന്നത് അംഗീകരിക്കണം. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പ്രവേശനം ആഗ്രഹിക്കുന്ന സംസ്ഥാനത്തെ കുട്ടികൾക്ക് കിട്ടേണ്ട അർഹമായ പ്രവേശനം ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്? ആ ദുരന്തം ഈ വർഷവും ആവർത്തിക്കുവാൻ പോവുകയാണ്. സർക്കാർ കോളേജുണ്ട്, സ്വാശ്രയ

കോളേജുണ്ട്, പരിയാരം മെഡിക്കൽ കോളേജ് ഒപ്പിട്ടിട്ടുണ്ട്, ഇനി കുറച്ച് കോളേജുകൾ മാത്രമേ ഒപ്പിടാനുള്ളൂ തുടങ്ങിയ കാര്യങ്ങളെല്ലാം പറഞ്ഞ് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോവുകയാണ്. അതിന്റെ ഫലമായി ഇനി വരാൻ പോകുന്നത്, കേരളത്തിൽ ഈ വർഷവും ഏകദേശം 500-ൽപ്പരം സീറ്റുകൾ നഷ്ടപ്പെടാൻ പോവുകയാണ്. അടിയന്തര പ്രമേയത്തിൽ ഉന്നയിച്ച പ്രധാനപ്പെട്ട പല കാര്യങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. സ്വകാര്യ മാനേജ്മെന്റ് കോളേജുകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ ചർച്ച ചെയ്തെങ്കിലും എന്താണ് ഒപ്പിട്ടത്; എന്താണ് കരാർ; അതിന് തടസ്സം വന്നിരിക്കുന്നത് എന്താണ്? നാല് കോളേജുകളാണ് ഇതുവരെയും എഗ്രിമെന്റ് വച്ചതായി പറഞ്ഞിരിക്കുന്നത്. കോളേജുകളിലെ പ്രവേശന സമയം നീണ്ടുപോവുകയാണ്. ഇതുവരെ അക്കാര്യത്തിൽ തീരുമാനമായിട്ടില്ല. ചർച്ചകൾ നീണ്ടുപോവുകയാണ്. ഗവൺമെന്റിനെ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ തടവിലിട്ടിരിക്കുകയാണ്. തടവുകാരാണ് നിങ്ങളിപ്പോൾ, നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. സർക്കാർ നടപടി എടുക്കുന്നില്ല. എന്ത് നടപടിയാണ് സർക്കാരിന് എടുക്കാൻ കഴിയുന്നത്? അവർക്ക് ഭരണഘടനാപരമായ സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ് ഈ കോളേജുകൾ തുടങ്ങിയത്. അതുതന്നെയാണ് അവർ

കോടതിയിൽ ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ Fundamental Rights -ൽ പറയുന്നത് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗവൺമെന്റിന്റെ ഉത്തരവിന് കടലാസിന്റെ വിലപോലും കൊടുക്കില്ല. ആ കോളേജുകളിൽ അഡ്മിഷൻ കിട്ടാൻ പോകുന്നില്ല. ഞങ്ങൾ ഈ നിയമസഭയിൽ പറയുകയാണ്, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ മെരിറ്റടിസ്ഥാനത്തിൽ 50:50 എന്ന അനുപാതത്തിൽ സീറ്റ് കിട്ടാൻ പോകുന്നില്ല. ആ സീറ്റുകളെല്ലാം തന്നെ നെഗോഷ്യേറ്റ് ചെയ്ത് കോഴ വാങ്ങി അഡ്മിഷൻ തുടങ്ങിക്കഴിഞ്ഞു. ഗുരുതരമായ ഈ അവസ്ഥയ്ക്കുനേരെ ഗവൺമെന്റ് കണ്ണടയ്ക്കുകയാണ്. സ്വാശ്രയ കോളേജുകൾ നഗ്നമായി കോഴ വാങ്ങി പ്രവേശനം നടത്തിക്കഴിഞ്ഞു. കോടതി പ്രവേശനം നിരോധിച്ചിട്ടില്ല. എഗ്രിമെന്റ് ഒപ്പിടാത്ത കോളേജുകളിൽ ഗവൺമെന്റുമായി ധാരണയില്ലാതെ പ്രവേശനം നടത്താൻ പാടില്ലായെന്ന് ഒരു ഉത്തരവുമില്ല. സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഇന്റർവ്യൂ നടക്കുകയാണ്, അവിടങ്ങളിൽ പ്രവേശനം കൊടുത്തുതുടങ്ങി. ഇക്കാര്യം എനിക്ക് നേരിട്ടറിയാം. സഭയിൽ സത്യവിരുദ്ധമായ കാര്യങ്ങൾ പറയാമോ; സഭയെ തെറ്റിദ്ധരിപ്പിക്കാമോ? അടിയന്തര പ്രമേയത്തിന് മറുപടി പറയുമ്പോൾ വസ്തുതാപരമായി മാത്രമെ പറയാവൂ എന്ന് ചെയർ റൂളിംഗ് കൊടുക്കണം. പ്രതിപക്ഷത്തെ പരാജയപ്പെടുത്താൻവേണ്ടി അടിസ്ഥാനരഹിതമായ

കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയാണ്. എഗ്രിമെന്റ് ഒപ്പിടാത്ത സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഇന്റർവ്യൂ നടത്തി ക്യാപിറ്റേഷൻ ഫീസും വാങ്ങി കുട്ടികൾക്ക് അഡ്മിഷൻ തുടങ്ങിക്കഴിഞ്ഞു. എം.സി.ഐ. യുടെ അനുവാദം ലഭിക്കുന്നതുവരെ അവർ കാത്തിരിക്കുന്നില്ല. ഗവൺമെന്റിന്റെ അനുവാദം അവർക്ക് ആവശ്യമില്ല. ഇവിടെ മെഡിക്കൽ ഫീൽഡ് കമ്പോളവത്ക്കരിക്കപ്പെട്ടിരിക്കുകയാണ്. അപ്പുറത്തിരിക്കുന്ന വിദ്യാസമ്പന്നരായ എം.എൽ.എ.-മാർക്ക് ഇതെല്ലാം അറിയാം. ഇവിടെ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് മെഡിക്കൽ രംഗത്ത് കമ്പോളനിലവാരമനുസരിച്ചാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. അതിന്റെ ഭാഗമായി അർഹരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ അഡ്മിഷൻ ലഭിക്കുന്നില്ല, അത് നിർഭാഗ്യകരമാണ്. കേരളത്തിലെ പാവപ്പെട്ട കുട്ടികൾ എൻട്രൻസ് പരീക്ഷ എഴുതി കാത്തിരിക്കുകയല്ലേ; അവർക്ക് മറുപടി കൊടുക്കാൻ ആരുണ്ട്; എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുമെന്നോ എപ്പോൾ കിട്ടുമെന്നോ ഉള്ള നിശ്ചയമുണ്ടോ? ഈ വിഷയമാണ് ഞങ്ങൾ സഭയിൽ കൊണ്ടുവന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് കാര്യങ്ങൾ ഇതിനേക്കാൾ മോശമായിരുന്നു എന്ന രീതിയിൽ രാഷ്ട്രീയ വൽക്കരിച്ച് മറുപടി പറയുമ്പോൾ, പ്രവേശനം കാത്തുനിൽക്കുന്ന വിദ്യാർത്ഥികളുടെ വികാരത്തെ നിങ്ങൾ വ്രണപ്പെടുത്തുകയാണ്. കേരളത്തിലെ ആയിരക്കണക്കിന്

വിദ്യാർത്ഥികളും രക്ഷകർത്താക്കളും ആകാംക്ഷയോടെ നോക്കുന്ന രംഗമാണിത്. ആ വിഷയം ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറാകുന്നില്ല. ചെയർ പോലും അതിന് സന്നദ്ധമാകുന്നില്ല. ബഹുമാനപ്പെട്ട ചെയറിന്റെ നാട്ടിലെ കുട്ടികളും ഇക്കാര്യത്തെക്കുറിച്ച് ചോദിക്കും. അവരും അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇങ്ങനെയാണോ സർക്കാർ ഇടപെടേണ്ടത്? ഇത് നിർഭാഗ്യകരമാണ്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ തവണ നഷ്ടപ്പെട്ട സീറ്റ് ഇനി ലഭിക്കുമോ? ലഭിക്കുകയില്ല. ഇപ്പോൾ നഷ്ടപ്പെടാൻ പോകുന്ന സീറ്റിന് ആരാണ് ഉത്തരവാദി; അതീവ ഗുരുതരമായ പ്രശ്നമല്ലേ ഇത്? ഇത്തരം കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യാൻ ചെയർ അനുവദിക്കുന്നില്ല. ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. കെ. നാണു: സർ, സ്വാശ്രയ മേഖലയിൽ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിനെതിരായിട്ടാണ് കേരള ചരിത്രത്തിൽ ഏറ്റവും വലിയ വിദ്യാർത്ഥി പ്രക്ഷോഭം നടന്നത്. അനേക ദിവസം ആ പ്രക്ഷോഭം നീണ്ടുനിന്നു. അനേകം

വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റു. അവസാനം രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ സമം ഒരു സർക്കാർ മെഡിക്കൽ കോളേജ് എന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഈ നിയമസഭയിൽ വ്യക്തമാക്കി. ബഹുമാന്യനായ എ. കെ. ആന്റണി ആ നിലപാട് വ്യക്തമാക്കിയപ്പോൾ പ്രതിപക്ഷ അംഗങ്ങളും അത് അംഗീകരിച്ചു. പക്ഷെ, ഓരോ വർഷവും ഇവിടത്തെ സ്വകാര്യ മാനേജ്മെന്റുകൾ കൊള്ളലാഭത്തിനുവേണ്ടി നടത്തുന്ന ശ്രമങ്ങൾ സ്ഥിരമായി നിയമസഭയിൽ ചർച്ച ചെയ്യുമ്പോഴും, ഗവൺമെന്റിന് നൽകിയ വാക്ക് ലംഘിച്ചുകൊണ്ട്, നിയമസഭയെത്തന്നെ പരിഹസിച്ചുകൊണ്ട് സ്വകാര്യ മാനേജ്മെന്റുകൾ രഹസ്യമായും അല്ലാതെയും എൻട്രൻസ് പരീക്ഷയിലൂടെ മെഡിക്കൽ സീറ്റ് ലഭിച്ച പാവപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽനിന്നും ലക്ഷക്കണക്കിന് രൂപ വാങ്ങുന്ന ഒരവസ്ഥയുണ്ടായിരിക്കുന്നു. അന്ന് വിദ്യാർത്ഥി സംഘടനകൾ സംയുക്തമായി നടത്തിയ പ്രക്ഷോഭത്തിൽ അവർ ഉന്നയിച്ച കാര്യങ്ങൾ ന്യായമാണെന്ന് ഇപ്പോൾ ബോദ്ധ്യപ്പെടുന്നു. ഗവൺമെന്റുമായി എഗ്രിമെന്റുണ്ടാക്കിയ സ്വകാര്യ മാനേജുമെന്റുകൾപോലും കൊള്ളലാഭമുണ്ടാക്കുന്നു. അവർക്ക് പണമുണ്ടാക്കാൻ വേണ്ടി നമ്മുടെ രാജ്യത്തുള്ള സാമൂഹ്യ സംവിധാനങ്ങളെപ്പോലും ഉപയോഗപ്പെടുത്തുന്ന രൂപത്തിലും ആക്ഷേപത്തിന്

വിധേയമാക്കുന്ന തരത്തിലുമുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുപോലും അതിനെ നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. ഇത് ന്യായമാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാവരും ഗൗരവമായി ആലോചിക്കേണ്ടതാണ്. ഒരു കാരണവശാലും കേരളത്തിൽ ഇതനുവദിക്കാൻ സാധിക്കുകയില്ല. കേരളത്തിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ രക്ഷിതാക്കളിൽനിന്നും കൊള്ളലാഭമുണ്ടാക്കാൻ സ്വകാര്യ മാനേജ്മെന്റുകളെ അനുവദിക്കുകയില്ലെന്ന് അന്നത്തെ മുഖ്യമന്ത്രിയെടുത്ത തീരുമാനം ഇന്ന് നിരന്തരമായി ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിലവിലുള്ള ആരോഗ്യവകുപ്പുമന്ത്രി നിസ്സഹായനായി ഇതെല്ലാം ന്യായീകരിക്കാൻ നിർബന്ധിതനാകുന്നു. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന ഇത്തരം വെല്ലുവിളികളെ ഭരണ-പ്രതിപക്ഷ കക്ഷി നേതാക്കൾ കൂട്ടായി എതിർക്കേണ്ട ഒരു സാഹചര്യമുണ്ട്. യൂറോപ്യൻ രാജ്യങ്ങളോട് കിടപിടിക്കാവുന്ന തരത്തിലുള്ള വിദ്യാഭ്യാസ നിലവാരമാണ് കേരളത്തിനുള്ളതെന്ന് പറയുന്നതിനെ കൊള്ളയടിക്കുന്നതിനെതിരായി ഒരുമിച്ചുനിന്ന് എതിർക്കേണ്ട ഒരു സാഹചര്യം വന്നിരിക്കുന്നു. ഈ ഘട്ടത്തിൽ ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരിനെ നിരന്തരം വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഇന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ അടിയന്തരപ്രമേയമായി ഈ നിയമസഭയിൽ കൊണ്ടുവന്നത്. ശ്രീ. സി. കെ. നാണു ചൂണ്ടിക്കാണിച്ചതുപോലെ, ഗവൺമെന്റിന് നൽകിയ വാഗ്ദാനമാണ് അവർ ലംഘിച്ചിട്ടുള്ളത്. അങ്ങനെ ലംഘിച്ചവരോട് തുടർച്ചയായി മൃദുസമീപനം സ്വീകരിക്കുന്നതിനുപകരം രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന വാഗ്ദാനം പാലിക്കുന്നതിലേയ്ക്ക് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളെ എങ്ങനെ എത്തിക്കാൻ കഴിയുമെന്നാണ് നാം ആലോചിക്കേണ്ടത്. അപ്പോൾമാത്രമേ സ്വകാര്യ സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾ അനുവദിക്കാനെടുത്ത സർക്കാരിന്റെ തീരുമാനം സാധൂകരിക്കപ്പെടുകയുള്ളൂ. അങ്ങനെയില്ലാത്തതാണ് ഗവൺമെന്റ് കോളേജുകൾതന്നെ വേണമെന്ന് അന്ന് വാശിപിടിക്കാൻ കാരണം. മാനേജ്മെന്റുകളെ വിശ്വസിക്കാൻ കഴിയില്ല, അവർ വാക്കുകൾ ലംഘിക്കും, ജനങ്ങളെയും സർക്കാരിനെയും വഞ്ചിക്കും എന്ന് അന്ന് പ്രക്ഷോഭം നടത്തിയവർ

പറഞ്ഞ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് മാനേജ്മെന്റ് പ്രവർത്തിക്കുമ്പോൾ അവരെ സഹായിക്കാനും ന്യായീകരിക്കാനുമുള്ള വ്യഗ്രതയാണ് ദൗർഭാഗ്യവശാൽ മന്ത്രി ഇവിടെ കാണിച്ചത്. 925 സീറ്റുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുമോ എന്നുള്ള ചോദ്യത്തിനുള്ള ഉത്തരം അദ്ദേഹം ഇപ്പോഴും വ്യക്തമാക്കിയില്ല. ലഭിക്കുകയില്ലാ എന്നാണ് അദ്ദേഹത്തിന്റെ വിശദീകരണത്തിൽനിന്നും മനസ്സിലാകുന്നത്. അങ്ങനെ വരുമ്പോൾ പഠിച്ച് മിടുക്കരായ വിദ്യാർത്ഥികളുടെ അവകാശമാണ് ലംഘിക്കപ്പെടുന്നത്. ആ അവകാശം പുന:സ്ഥാപിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ചർച്ച ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)